പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ– 584 11.12.2012-ൽ മറുപടിക്ക്.

## എമർജിംഗ് കേരള - നിയമ ഭേദഗതിക്കുള്ള നടപടി.

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ.
" ബാബു എം. പാലിശ്ശേരി.
" രാജു എബ്രാഹം.
" കെ. ദാസൻ.

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി.)

| | | |
|---|---|---|
| (എ) | എമർജിംഗ് കേരളയുടെ ഭാഗമായി നിക്ഷേപകർക്ക് വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള എന്തെല്ലാം നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു. വിശദമാക്കാമോ | നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നത് അതാത് ഭരണ വകുപ്പുകളാണ്. എമർജിംഗ് കേരളയുടെ ഭാഗമായി സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിന് ഒരു നടപടിയും നിയമ വകുപ്പിൽ ആരംഭിച്ചിട്ടില്ല. |
| (ബി) | നിയമ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചകമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ | എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമത്തിൽ ആവശ്യമെങ്കിൽ എന്തെങ്കിലും നയപരമായ വ്യതിയാനങ്ങൾ വരുത്തുന്നതിനും, കാലാനുസൃതമായി നവീകരിക്കുന്നതിനും വേണ്ടിയാണ് ബഹു. ധനകാര്യ, നിയമ, ഭവനനിർമ്മാണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ കമ്മിറ്റി രൂപീകൃതമായിട്ടുള്ളത്. പ്രസ്തുത കമ്മിറ്റി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. |
| (സി) | നിക്ഷേപകർക്ക് ഇക്കാര്യത്തിൽ നൽകിയ ഉറപ്പുകൾ എന്തൊക്കെയായിരുന്നു. നിക്ഷേപകർ ഉന്നയിച്ച പൊതുവായ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു. | ഇത് സംബന്ധിച്ച് നിയമ വകുപ്പ് ഉറപ്പുകളൊന്നും നല്കിയിട്ടില്ല. |
| (ഡി) | പാരിസ്ഥിതിക പ്രത്യാഘാതം ഉൾപ്പെടെ സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും പൊതുവായ എന്തെല്ലാം താല്പര്യങ്ങൾ ഹനിച്ചുകൊണ്ടുള്ളതാണ് നിയമനിർമ്മാണത്തിനുള്ള നിർദ്ദേശങ്ങളെന്ന് പരിശോധിച്ചിട്ടുണ്ടോ | സംസ്ഥാനത്തെ ജനങ്ങളുടെ പൊതുവായ ഒരു താല്പര്യവും ഹനിച്ചുകൊണ്ടുള്ള നിയമ നിർമ്മാണത്തിനുള്ള ഒരു നിർദ്ദേശവും നില വിലില്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ